നദീതീരങ്ങളുടെ സംരക്ഷണവും സൗന്ദര്യവൽക്കരണവുമാണ് ലക്ഷ്യമിടുന്നത്. നദീതീരങ്ങളിലെ കയ്യേറ്റം തടയുക, അനധികൃത മണൽ കടത്ത്, മലിനീകരണം തുടങ്ങി പൊതുസ്ഥലങ്ങൾ അന്യാധീനപ്പെട്ടുപോകുന്ന പ്രവണതകൾക്ക് വിരാമമിട്ട് നദീസംരക്ഷണം പ്രകൃതി സംരക്ഷണത്തിന്റെ സുപ്രധാന ചുവടുവെയ്പാണെന്ന ബോധ്യം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യവും ഈ പദ്ധതിക്കുണ്ട്.

(സി) ആദ്യഘട്ടത്തിൽ ഭാരതപ്പുഴ, അച്ചൻകോവിലാർ, ഇപ്പോൾ നീരൊഴുക്ക് നഷ്ടമായ വരട്ടാർ എന്നിവയുടെ സംരക്ഷണവും സൗന്ദര്യവത്ക്കരണവുമാണ് പുഴ മുതൽ പുഴ വരെ പദ്ധതി ലക്ഷ്യമിടുന്നത്. വ്യത്യസ്ത ഭൂപ്രകൃതിയിൽ ലയിച്ചിട്ടുള്ള ഈ പുഴകളുടെ പ്രത്യേകതയും കാലാവസ്ഥയും മണ്ണിന്റെ ഘടനയും അനുസരിച്ചുള്ള നമ്മുടെ തദ്ദേശീയ വൃക്ഷങ്ങൾ (പേരാൽ, പ്ലാവ്, മാവ് തുടങ്ങിയവ) ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഭാരതപ്പുഴയുടെ 527 ഏക്കർ തീരവും അച്ചൻകോവിലാറിന്റെ 9 ഏക്കർ തീരവുമാണ് പൈലറ്റ് പ്രോജക്ടായി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വരട്ടാറിലെ നീരൊഴുക്ക് പുനരുജ്ജീവിപ്പിക്കാനുള്ള നടപടിയും ഇതോടൊപ്പം ഉദ്ദേശിക്കുന്നു. ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നിവയുടെ നീരൊഴുക്കിന് തടസ്സം നിൽക്കുന്ന ചപ്പുചവറുകൾ, മാലിന്യങ്ങൾ, പുൽത്തൊടുകൾ (നദിക്കുള്ളിൽ രൂപപ്പെട്ടത്), എക്കൽ എന്നിവ അടിയന്തരമായി നീക്കം ചെയ്യുന്ന നടപടികളും ഉദ്ദേശിക്കുന്നു.

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുവാനും പ്രസ്തുത സെല്ലിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുവാനും തീരുമാനിച്ചു. സ്പെഷ്യൽ ഓഫീസർ ഉൾപ്പെടെയുള്ള മോണിറ്ററിംഗ് സെൽ അംഗങ്ങൾ ഉൾപ്പെട്ട പാനൽ ലാന്റ് റവന്യൂ കമ്മീഷണർ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ പരിഗണനയിലാണ്.

പുഴ മുതൽ പുഴവരെ പദ്ധതി

128 (1164) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴ മുതൽ പുഴവരെ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; ആയതിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി പുഴകളുടെ ജൈവഘടനയെയും, ആവാസ വ്യവസ്ഥയേയും എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ പുഴയ്ക്കും അവയുടെ ജൈവ ഘടനയ്ക്കും ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ തരത്തിൽ പ്രത്യേകം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പുഴയെ അറിയുക ആദരിക്കുക എന്ന സന്ദേശം മുൻനിർത്തി ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നീ രണ്ട് നദികളിൽ ആരംഭിക്കുന്ന മാതൃകാ പദ്ധതിയാണ് പുഴ മുതൽ പുഴ വരെ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തെ നദീതീരങ്ങളുടെ സംരക്ഷണവും സൗന്ദര്യവത്ക്കരണവുമാണ് ലക്ഷ്യമിടുന്നത്. നദീതീരങ്ങളിലെ കയ്യേറ്റം തടയുക, അനധികൃത മണൽ കടത്ത്, മലിനീകരണം തുടങ്ങി പൊതുസ്ഥലങ്ങൾ അന്യാധീനപ്പെടുത്തുന്ന പ്രവണതകൾക്ക് വിരാമമിട്ട് നദീസംരക്ഷണം, പ്രകൃതി സംരക്ഷണത്തിന്റെ സുപ്രധാന ചുവടുവയ്പാണെന്ന ബോധ്യം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യവും ഈ പദ്ധതിക്കുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പുഴകളുടെ ജൈവഘടനയെയും ആവാസ വ്യവസ്ഥയേയും എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് പഠനം നടത്തുകയും ആദ്യഘട്ടമായി ഭാരതപ്പുഴയുടെയും അച്ചൻകോവിലാറിന്റെയും തീരങ്ങൾ ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിക്കുന്നതിനുള്ള പഠന റിപ്പോർട്ട് സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിൽ ഭാരതപ്പുഴ, അച്ചൻകോവിൽ ഇപ്പോൾ നീരൊഴുക്ക് നഷ്ടമായ വരട്ടാർ എന്നീ നദികളെയാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പരിപാലിക്കുന്നത്. തുടർന്ന് മറ്റ് നദികളെയും പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതാണ്.

കരുണ എസ്റ്റേറ്റ്-പോബ്സ് ഗ്രൂപ്പിന് പോക്കുവരവ് ചെയ്തുകൊടുക്കുന്നത് സംബന്ധിച്ച്

129 (1165) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റ്, പോബ്സ് ഗ്രൂപ്പിന് പോക്കുവരവ് ചെയ്തുകൊടുക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ വിലക്ക് ഏതെങ്കിലും കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly